പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2100 **26-10-2026-ൽ മറുപടിയ്ക്ക്**

ഹോസ്പിറ്റൽ കിയോസ്കുകളിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) ഇൻഫർമേഷൻ കേരള മിഷൻ മുഖേന ഹോസ്പിറ്റൽ കിയോസ്കുകളിൽ നിയമിക്കപ്പെട്ട എത്ര എക്സിക്യൂട്ടീവുമാർ/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ നിലവിൽ സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചും തദ്ദേശസ്ഥാപനം തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ;

മറുപടി:

ജില്ല തിരിച്ചുള്ള വിവരങ്ങൾ

നം	ജില്ല	എണ്ണം
1	തിരുവനന്തപുരം	14
2	കൊല്ലം	13
3	ആലപ്പുഴ	10
4	പത്തനംതിട്ട	3
5	ഇടുക്കി	4
6	കോട്ടയം	6
7	തൃശ്ശൂർ	15
8	പാലക്കാട്	4
9	വയനാട്	4
10	കോഴിക്കോട്	8
11	മലപ്പുറം	17
12	കണ്ണൂർ	6

13	കാസർകോഡ്	4

തദ്ദേശ സ്ഥാപനം

സ്ഥാപനം	എണ്ണം
പഞ്ചായത്ത്	38
നഗരസഭ	70

(ബി) പ്രസ്തുത ജീവനക്കാരിൽ 2005 മുതൽ തുടർച്ചയായി ജോലി ചെയ്യുന്നവർ എത്ര പേരുണ്ട്; ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണ്;

മറുപടി: 2005 മുതൽ ജോലി ചെയ്യുന്നവർ -40; ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം -108

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനരീതി, സേവനവ്യവസ്ഥകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് നിലവിൽ 18/02/2026 ലെ സ.ഉ.(അച്ചടി) 24/2026-ധന സർക്കാർ ഉത്തരവിലെ കാറ്റഗറി III-ൽ ഉൾപ്പെടുത്തിയുള്ള ദിവസവേതനം നഗരസഭ/പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് വരുന്നു.

(ഡി) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നിലവിൽ നൽകിവരുന്ന ദിവസവേതനത്തിന് പകരം കൺസോളിഡേറ്റഡ് പേ അടിസ്ഥാനത്തിൽ പ്രതിഫലം അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച നിർദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത ജീവനക്കാർക്ക് കൺസോളിഡേറ്റഡ് പേ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ